ഉത്തരം

(എ) പ്രസ്തുത സ്ഥാപനങ്ങൾക്ക് സർക്കാർ പദ്ധതിയിനത്തിലും പദ്ധതിയേതരയിനത്തിലുമായി വാർഷികഗ്രാന്റ് അനുവദിക്കുന്നുണ്ട്. ഇത് ഈ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ മെച്ചപ്പെടുത്തുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്. സാഹിത്യഅക്കാഡമി സാഹിത്യകാരൻമാർക്കും അക്കാദമിയിൽ വന്ന് താമസിച്ച് സാഹിത്യസൃഷ്ടി നടത്തുന്നതിനായി അപ്പൻതമ്പുരാൻ സ്മാരകവളപ്പിൽ 'കൈരളിഗ്രാമം' എന്ന പേരിൽ ഒരു കെട്ടിടസമുച്ചയം നിർമ്മിച്ചിട്ടുണ്ട്. ഇത് കൂടാതെ അക്കാദമി ഗ്രന്ഥശേഖരം ജനങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നതിനായി ലൈബ്രറിയിൽ കംപ്യൂട്ടർ-ഇന്റർനെറ്റ് സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. സംഗീതനാടക അക്കാഡമിയുടെ ആഭിമുഖ്യത്തിലാണ് ഈ വർഷം പ്രൊഫഷണൽ നാടകമത്സരം, സ്വാതി സംഗീതോത്സവം, ദേശീയനാടകോത്സവം എന്നിവ സംഘടിപ്പിക്കുന്നത്. അക്കാഡമിയുടെ പ്രവർത്തനം കൂടുതൽ വിപുലപ്പെടുത്തിയതിനാലാണിത്. കേരളകലാമണ്ഡലം കല്പിത സർവ്വകലാശാലയാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇത് നടപ്പിലാവുന്നതോടു കൂടി കലാമണ്ഡലത്തിന്റെ പ്രവർത്തനങ്ങൾ കൂടുതൽ മെച്ചപ്പെടുന്നതാണ്.

(ബി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

(സി) കലാമണ്ഡലത്തിന് ഒരു കല്പിത സർവ്വകലാശാലയുടെ പദവി നൽകുന്നതിന് നയപരമായ തീരുമാനം സംസ്ഥാനസർക്കാർ കൈക്കൊണ്ടിട്ടുണ്ട്. ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കേണ്ടത് കേന്ദ്രസർക്കാരും യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷനു മാണ്.

സി-ഡിറ്റിന്റെ പ്രവർത്തനം

92 (1195) ശ്രീമതി എൻ. കെ. രാധ :
ശ്രീ. സി. കെ. രാജേന്ദ്രൻ :
ശ്രീ. എം. എ. തോമസ് :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി-ഡിറ്റ് എന്ന സ്ഥാപനത്തിന്റെ പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ ;

(ബി) സി-ഡിറ്റ് ഏതെല്ലാം മേഖലകളിലെ ഗവേഷണവികസന പ്രവർത്തനങ്ങളാണ് ഇപ്പോൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നത് ;

(സി) സി-ഡിറ്റ് ഏതെല്ലാം പ്രോജക്ടുകൾ ഏറ്റെടുത്തിട്ടുണ്ട് ;

(ഡി) ജനകീയാസൂത്രണപ്രവർത്തനത്തിൽ സി-ഡിറ്റ് നൽകിയ സംഭാവനകൾ എന്തൊക്കെയാണ് ;

(ഇ) സി-ഡിറ്റ് ആരംഭിച്ച വീഡിയോ സീരിസുകൾ ഏതൊക്കെയാണ്; അതിന് എത്രമാത്രം പ്രചാരം ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് ഇമേജിംഗ് ടെക്നോളജി (സി-ഡിറ്റ്) 1998 ഡിസംബറിൽ ഒരു സൊസൈറ്റിയായി രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിച്ചു. തുടക്കത്തിൽ വീഡിയോ പ്രൊഡക്ഷൻ മേഖലയിലും ഫിലിം/വീഡിയോ ഗവേഷണരംഗത്തും ഓരോ പ്രോജക്ടുകളാണ് സി-ഡിറ്റിന് ഉണ്ടായിരുന്നത്. ആധുനിക ബീറ്റാകാം വീഡിയോ

LIBRARY ARCHIVES Kerala Legislative Assembly

ഉപകരണങ്ങളോടു കൂടിയ ഒരു സ്റ്റുഡിയോ 1990-91-ൽ പ്രവർത്തനം തുടങ്ങി. കഴിഞ്ഞ 10 വർഷത്തിനിടയിൽ 200 ഓളം വീഡിയോ ഡോക്യുമെന്ററികളും ഹ്രസ്വചിത്രങ്ങളും മറ്റും സി-ഡിറ്റ് നിർമ്മിച്ചിട്ടുണ്ട്. വീഡിയോ ഫ്രെയിംഗ്രാബർ, വീഡിയോ റൗടിംഗ് ടിച്ചർ ഉൾപ്പെടെ ഏതാനും വീഡിയോ ഉപകരണങ്ങൾ സി-ഡിറ്റിലെ ഗവേഷണവിഭാഗം വികസിപ്പിച്ചെടുത്തിരുന്നെങ്കിലും അവ പൂർത്തിയാക്കാൻ നടപടികൾ എടുക്കാതിരുന്നതിനാൽ 1993-ൽ ഈ പ്രോജക്ടുകൾ നിർത്തിവച്ചു. 1996-നു ശേഷം സി-ഡിറ്റിലെ പ്രവർത്തനങ്ങൾ പുനഃസംഘടിപ്പിച്ച് പുതിയ നിശാബോധത്തോടെ നടപ്പാക്കിവരുന്നു.

1. ഇൻഫർമേഷൻ ടെക്നോളജി മേഖലയിലെ പ്രയുക്ത ഗവേഷണവും വികസനവും സി-ഡിറ്റ് ഏറ്റെടുത്തു.
2. വീഡിയോ കമ്മ്യൂണിക്കേഷനിൽ ഒരു വർഷത്തെ ബിരുദാനന്തര ഡിപ്ലോമ കോഴ്സ് ആരംഭിച്ചു. രണ്ട് ബാച്ചുകൾ പൂർത്തിയാക്കി മൂന്നാമത്തെ ബാച്ച് നടന്നുവരുന്നു.
3. സി-ഡിറ്റിന്റെ പുതിയ ക്യാമ്പസ് കെട്ടിടങ്ങളുടെ നിർമ്മാണം പൂർത്തിയാക്കി 1998 ജൂലൈയിൽ ഉദ്ഘാടനം ചെയ്തു.
4. എൻ.സി.എസ്.ടി.യുടെ അംഗീകൃത സെന്റർ എന്ന നിലയിൽ പി.ജി.ഡി.എസ്.ടി. കോഴ്സ് ആരംഭിച്ചു.
5. ലേസർ ലാബുൾപ്പെടെയുള്ള ഹോളോഗ്രാം വികസന സൗകര്യങ്ങൾ സ്ഥാപിച്ചു.
6. പഞ്ചായത്ത് കംപ്യൂട്ടർവത്കരണത്തിനുള്ള പൈലറ്റ് പ്രോജക്ട് കുമരകം പഞ്ചായത്തിൽ ഏറ്റെടുത്തു നടപ്പിലാക്കി.
7. തദ്ദേശ ഭരണസ്ഥാപനങ്ങൾക്കുവേണ്ടി ഇൻഫർമേഷൻ ശൃംഖല സ്ഥാപിക്കുന്നതിനു വേണ്ടി ഇൻഫർമേഷൻ കേരള മിഷൻ പ്രോജക്ട് ആരംഭിച്ചു.

(ബി) ഇൻഫർമേഷൻ ടെക്നോളജി മേഖലയിൽ പഞ്ചായത്തുതല കംപ്യൂട്ടർവത്കരണത്തിനുള്ള ഗവേഷണ വികസനം, സെക്യൂരിറ്റി ഗുണമേൻമയുള്ള ഹോളോഗ്രാം നിർമ്മിക്കുന്നതിനുള്ള ഗവേഷണം, മെഡിക്കൽ ഇമേജിംഗ് രംഗത്ത് ക്ഷയരോഗ നിർണ്ണയം യന്ത്രവത്കരിക്കുന്നതിനുള്ള ഗവേഷണം തുടങ്ങിയവയാണ് സി-ഡിറ്റ് ഏറ്റെടുത്തിട്ടുള്ളത്.

(സി) സി-ഡിറ്റിൽ താഴെപ്പറയുന്ന പ്രോജക്ടുകളാണ് ഇപ്പോൾ നടന്നുവരുന്നത്.

1. സംസ്ഥാന ആസൂത്രണ ബോർഡിനുവേണ്ടി തദ്ദേശ ഭരണസ്ഥാപനങ്ങളെ ബന്ധിപ്പിക്കുന്ന ഇൻഫർമേഷൻ നെറ്റ് വർക്ക് സ്ഥാപിക്കൽ.
2. എൻ.സി..എസ്.ടി.സി.ക്കുവേണ്ടി 'മാനവോദയം' എന്ന പേരിൽ മനുഷ്യ പരിണാമത്തെയും സാമൂഹ്യവികസനത്തെയും ആസ്പദമാക്കി നിർമ്മിക്കുന്ന 26 ഭാഗങ്ങളുടെ വീഡിയോ പരമ്പര.
3. മാനവീയം പരിപാടിയുടെ ഭാഗമായി സഹസ്രാബ്ദ ക്വിസ് പരിപാടി.
4. തിരുവല്ലം പഞ്ചായത്തുമായി ചേർന്നുകൊണ്ട് പ്രാദേശിക കേബിൾ ശൃംഖല സ്ഥാപിക്കലും പങ്കാളിത്ത വീഡിയോ നിർമ്മാണവും സംപ്രേക്ഷണവും ലക്ഷ്യമാക്കുന്ന പ്രോജക്ട്.

LIBRARY ARCHIVES Kerala Legislative Assembly

5. വീഡിയോ കമ്മ്യൂണിക്കേഷനിലും സോഫ്റ്റ് വെയർ ടെക്നോളജിയിലും കംപ്യൂട്ടർ അനിമേഷനിലും പരിശീലന പരിപാടികൾ.

6. സംസ്ഥാന സർക്കാരിന്റെതുൾപ്പെടെ വിവിധ ഏജൻസികൾക്ക് വെബ്സൈറ്റ്ഹോസ്റ്റിംഗ്.

(ഡി) ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റെ തുടക്കം മുതൽ തന്നെ ക്യാംവെയിൻ പരിപാടിയും വീഡിയോ ഡോക്യുമെന്റേഷനും അതിനെ ആസ്പദമാക്കിയ വീഡിയോ ചിത്ര നിർമ്മാണവും സി-ഡിറ്റ് ഏറ്റെടുത്തുവരുന്നു. ഇരുപത്തി അഞ്ചോളം ഡോക്യുമെന്ററി ഫീച്ചറുകളും അമ്പതോളം ഫ്രെമ (സ്പോർട്) ചിത്രങ്ങളും നിർമ്മിച്ചു പ്രദർശിപ്പിച്ചിട്ടുണ്ട്. ജനകീയാസൂത്രണ പരിശീലന പരിപാടിയിൽ ഈ ചിത്രങ്ങൾ ഉപയോഗിച്ചുവരുന്നു. ഒന്നാം വർഷ പദ്ധതികളുടെ പൂർണ്ണവിവരങ്ങളടങ്ങുന്ന ഡാറ്റാബേസ് വികസിപ്പിച്ച് ആസൂത്രണ ബോർഡിന് കൈമാറി. വികേന്ദ്രീകൃത ആസൂത്രണം ശക്തിപ്പെടുത്തുന്നതിന് വേണ്ടി സംസ്ഥാനത്തിലുള്ള ഒരു വിവരവിനിമയ ശൃംഖല സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനം ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.

(ഇ) താഴെ പറയുന്ന വീഡിയോ സീരിസുകൾ സീ-ഡിറ്റ് നിർമ്മിച്ചിട്ടുണ്ട്. നിർമ്മാണത്തിലാണ്.

1. ശാസ്ത്രകൗതുകം-വീഡിയോ ശാസ്ത്രമാഗസിൻ 36 ഭാഗങ്ങൾ - തിരുവനന്തപുരം ദൂരദർശനും ഡി.ഡി. നാല് ചാനലും സംപ്രേക്ഷണം ചെയ്തു.

2. പഠനകൗതുകം-എസ്.എസ്.എൽ.സി. വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ വീഡിയോ പരമ്പര-കേരളത്തിലെ എല്ലാ ജില്ലാപഞ്ചായത്തുകൾക്കും വേണ്ടി-തിരുവനന്തപുരം, ആലപ്പുഴ ജില്ലാപഞ്ചായത്തിന്റെ കീഴിലുള്ള ഹൈസ്കൂളുകളിൽ 5 കാസറ്റുകൾ വിതരണം ചെയ്തു കഴിഞ്ഞു.

3. മാനവോദയം-നിർമ്മാണത്തിലാണ്.

4. സഹസ്രാബ്ദകിസ്-നിർമ്മാണത്തിലാണ്.

മാനവീയം സാംസ്ക്കാരിക മിഷൻ

93 (1200) ശ്രീ. എം. മുരളി :
ശ്രീ. കെ. പി. വിശ്വനാഥൻ :
ശ്രീമതി റോസമ്മ ചാക്കോ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് "മാനവീയം സാംസ്ക്കാരിക മിഷൻ" ഇതുവരെ എവിടെയെല്ലാം പരിപാടികൾ സംഘടിപ്പിച്ചു ;

(ബി) ഇതിന്റെ ഭാഗമായി പണ്ഡിറ്റ് രവിശങ്കറിന്റെ സംഗീതപരിപാടി നടത്താൻ എ.കെ.ജി. മെമ്മോറിയൽ ഹാളിന് വാടകയായി എന്തു തുക നൽകി ;

(സി) ഇതുമായി ബന്ധപ്പെട്ട് നടക്കുന്ന കലാപരിപാടികളുടെ ടി.വി. പ്രക്ഷേപണാവകാശം എന്തെങ്കിലും ചാനലിന് നൽകിയിട്ടുണ്ടോ ; എങ്കിൽ ആർക്കാണ് നൽകിയതെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly